**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - പുനർവിന്യാസം - പുനർവിന്യാസം മുഖേന കൊല്ലം ജില്ലയിലെ ചവറ ഗ്രാമപഞ്ചായത്തിൽ സേവനമനുഷ്ഠിക്കുന്ന തൊഴിൽ വകുപ്പിലെ ക്ലാർക്കായ ശ്രീ.ഫ്രാങ്ക്സൺ.എഫ്.-നെ മാതൃവകുപ്പിലേക്ക് തിരികെ അയച്ചുകൊണ്ടുള്ള ഉത്തരവ് റദ്ദുചെയ്ത ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഇ.ആർ.എ) വകുപ്പ്**

**സ.ഉ.(സാധാ)നം.3796/2017/തസ്വഭവ** **തിരുവനന്തപുരം, തീയതി, 24.11.2017.**

പരാമർശം: 1) സ.ഉ.(സാധാ) നം.2466/2017/തസ്വഭവ, തീയതി 19.07.2017.

2) ചവറ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 18.08.2017 തീയതിയിലെ 01/2017 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

പുനർവിന്യാസ വ്യവസ്ഥയിൽ കൊല്ലം ജില്ലയിലെ ചവറ ഗ്രാമപഞ്ചായത്തിൽ സേവനമനുഷ്ഠിക്കുന്ന തൊഴിൽ വകുപ്പിലെ ക്ലാർക്കായ ശ്രീ.ഫ്രാങ്ക്സൺ.എഫ്.-നെ മാതൃവകുപ്പിലേക്ക് തിരികെ അയയ്ക്കുന്നതിന് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

2) ശ്രീ. ഫ്രാങ്കസണെ മാറ്റുന്നത് പഞ്ചായത്തിന്റെ പ്രവർത്തനങ്ങളെ സാരമായി ബാധിക്കുമെന്നതിനാൽ ടിയാനെ മാതൃവകുപ്പിലേക്ക് തിരികെ അയച്ചുകൊണ്ടുള്ള ഉത്തരവ് റദ്ദാക്കണമെന്ന് പരാമർശം (2) പ്രകാരം ചവറ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശുപാർശ ചെയ്തിരുന്നു.

3) സർക്കാർ ഇക്കാര്യം പരിശോധിക്കുകയും ചവറ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ശുപാർശ പരിഗണിച്ച് പുനർവിന്യാസം മുഖേന കൊല്ലം ജില്ലയിലെ ചവറ ഗ്രാമപഞ്ചായത്തിൽ സേവനമനുഷ്ഠിക്കുന്ന തൊഴിൽ വകുപ്പിലെ ക്ലാർക്കായ ശ്രീ.ഫ്രാങ്ക്സൺ.എഫ്.-നെ മാതൃവകുപ്പിലേക്ക് തിരികെ അയച്ചുകൊണ്ടുള്ള പരാമർശം (1)-ലെ ഉത്തരവ് റദ്ദുചെയ്ത ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**ജയശ്രീ എം.**

**അണ്ടർ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ലേബർ കമ്മീഷണർ, തിരുവനന്തപുരം.

സെക്രട്ടറി, ചവറ ഗ്രാമപഞ്ചായത്ത്, കൊല്ലം,

ശ്രീ.ഫ്രാങ്ക്സൺ.എഫ്., ക്ലാർക്ക്, ചവറ ഗ്രാമപഞ്ചായത്ത്, കൊല്ലം (വകുപ്പ മേധാവി മുഖേന)

തൊഴിൽ വകുപ്പ്.

ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ്.
(ഗവ.വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ